മെയ് 2025

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പായുടെ ദേഹവിയോഗം ഏറെ ദുഃഖത്തോടെയാണ് ലോക ജനത സ്വീകരിച്ചത്. പരിസ്ഥിതി സംരക്ഷണവും, സാമ്പത്തിക നീതിയും, കാരുണ്യവും ഒത്തുചേരുന്ന പ്രവാചക പാരമ്പര്യത്തിലടിയുറച്ചതായിരുന്നു അദ്ദേഹത്തിന്റെ ദൈവശാസ്ത്രവും ലോകദർശനവും. മതാതീത കൂട്ടായ്മ സമഗ്രാധിപത്യത്തെ പ്രതിരോധിക്കാനാവശ്യമെന്നു മനസ്സിലാക്കി അത്തരം കൂട്ടായ്മകളെ പ്രോത്സാഹിപ്പിച്ചിരുന്ന ഒരു സഭാ പിതാവായിരുന്നു അദ്ദേഹം. സമൂഹത്തിൽ അവഗണനയും പീഡനങ്ങളും അനുഭവിക്കുന്ന ജനതയുടെ പക്ഷം ചേർന്നും സഭയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയും സഭാഭരണത്തിൽ വനിതകൾക്ക് പ്രാധാന്യം നല്കിയും മതിലുകളല്ല പാരസ്പര്യത്തിന്റെ പാലങ്ങളാണ് പണിയേണ്ടതെന്ന് വാക്കിലൂടെയും പ്രവൃത്തികളിലൂടെയും സമൂഹത്തിന് പകർന്ന് നല്കിയ വ്യത്യസ്ഥതകളുടെ ആദ്ധ്യാത്മികാചാര്യനായിരുന്നു ഫ്രാൻസിസ് മാർപാപ്പാ. ലോകസമാധാനത്തിനായി അക്ഷീണം പ്രവർത്തിക്കുകയും സംഘർഷ ഇടങ്ങളിൽ സമാധാന ദൂതനായി നിലകൊള്ളുകയും ചെയ്തു. അനന്യമായ ലാളിത്യത്തിന്റെയും നിർവ്യാജ സ്നേഹത്തിന്റെയും കലർപ്പില്ലാത്ത കാരുണ്യത്തിന്റെയും പ്രതീകമായിരുന്ന മാർപാപ്പാ വേറിട്ട വഴികളിലൂടെ സഞ്ചരിക്കുവാൻ പുരോഹിതരെ നിരന്തരം പ്രേരിപ്പിച്ചു. ആഗോള കത്തോലിക്കാ സഭയുടെ ദുഃഖത്തിൽ പങ്ക്ചേരുകയും ഫ്രാൻസിസ് മാർപാപ്പായുടെ ദേഹവിയോഗത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

കശ്മീരിലെ പഹൽഗാമിൽ ഏപ്രിൽ 22 ന് നടന്ന ഭീകരാക്രമണത്തിൽ 26 പേർ കൊല്ലപ്പെട്ടു എന്ന വിവരം നമ്മെ ഏറെ ദുഃഖത്തിലാഴ്ത്തുന്നതാണ്. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള നയതന്ത്രബന്ധത്തിൽ ഇത് കനത്ത വിള്ളൽ വീഴ്ത്തിയിരിക്കുന്നു. സാധാരണ ജനങ്ങൾക്കെതിരായ ആക്രമണം ഒരു തരത്തിലും അംഗീകരിക്കാനാവില്ല. ഭാരതത്തിന്റെ ബഹുസ്വരതയുടെയും, സഹവർത്തിത്വത്തിന്റെയും, അഗാധമായ ആത്മീയതയുടെയും മേലുള്ള കടന്നുകയറ്റമാണ് ഇത്തരത്തിലുള്ള ഭീകരപ്രവർത്തനങ്ങൾ. മതേതര ഇന്ത്യക്ക് പോറലേൽപ്പിക്കാനുള്ള ഭീകരരുടെ കുടില ലക്ഷ്യത്തെ ജാഗ്രതയോടെ തിരിച്ചറിയുന്നതിനും നേരിടുന്നതിനും രാഷ്ട്രത്തിന് സാധിക്കണം. രാജ്യത്തെ വിഘടനവാദത്തിന്റെ മണ്ണാക്കാൻ ഒരിക്കലും അനുവദിക്കരുത്. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയാണ് ആവശ്യം. എല്ലാ വ്യത്യസ്ഥതകൾക്കുമതീതമായി രാഷ്ട്രം ഒറ്റക്കെട്ടായി ഭീകരപ്രവർത്തനങ്ങളെ ചെറുത്ത് തോല്പിക്കണം. സംവാദങ്ങളുടെയും ചർച്ചകളുടെയും സ്ഥാനം ആയുധങ്ങൾ ഏറ്റെടുക്കുമ്പോൾ, രക്തപാതകങ്ങളിലൂടെ മാത്രമേ വിജയം കൈവരിക്കാനാകു എന്ന മനോഭാവം വളരുന്നു. മനസ്സിനെ വികലമാക്കുന്ന ഇത്തരം വിധ്വംസക സമീപനങ്ങൾ കൃത്യമായി തിരിച്ചറിയേണ്ടത് അനിവാര്യമാണ്. സംഘർഷഭരിതമായ അതിർത്തി മേഖലകളിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവരുടെ കുടുംബങ്ങളെയും പ്രിയപ്പെട്ടവരേയും മാർത്തോമ്മാ സഭയുടെ ഹൃദയംഗമമായ അനുശോചനം അറിയിക്കുന്നു. ഈ വിഷയത്തിൽ ഇന്ത്യാ സർക്കാർ കൈക്കൊള്ളുന്ന എല്ലാ നടപടികളും ശാശ്വത സമാധാനത്തിന് വഴിയൊരുക്കുന്നവയായിരിക്കട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ആഗോള തൊഴിലാളി ദിനമാണല്ലോ മെയ് 1. സാധാരണ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടുന്ന ദിനമായി തൊഴിലാളി ദിനത്തെ നമുക്ക് കരുതാം. പരസ്പര സ്നേഹത്തിലും കരുതലിലുമാണ് മനുഷ്യ അദ്ധ്വാനത്തിന്റെ പൂർണ്ണ സാദ്ധ്യതകൾ വെളിവാകുന്നത് എന്ന തിരിച്ചറിവുണ്ടാകുമ്പോൾ മാത്രമേ സാധാരണ തൊഴിലാളികളെ അംഗീകരിക്കുവാനും കരുതുവാനും

ഏവർക്കും കഴിയുകയുള്ളു. പൊരുതി നേടിയ അവകാശങ്ങൾ നിലനിർത്തുന്നതോടൊപ്പം തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധ്യങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങൾ ഗൗരവത്തിൽ എടുക്കണം.

ദൈവകൃപയാൽ പുതിയ ഒരു സാമ്പത്തിക വർഷത്തിലേക്ക് പ്രവേശിച്ചു. 2024-25 കാലയളവിൽ സഭയുടെ പ്രവർത്തനങ്ങളിൽ വ്യാപരിച്ച കൃപകൾക്കായി ദൈവത്തെ സ്തുതിക്കാം. ഇടവക തലത്തിൽ മുൻവർഷത്തെ ചുമതലക്കാർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉത്സാഹിക്കണം. മെയ് മാസം അവസാനിക്കുന്നതിന് മുമ്പ് വാർഷിക പൊതുയോഗം വിളിച്ചു കൂട്ടി വാർഷിക റിപ്പോർട്ടും വരവ് - ചെലവ് കണക്കും ബാലൻസ് ഷീറ്റും ബഡ്ജറ്റും അവതരിപ്പിച്ച് പാസ്സാക്കണം. ഭദ്രാസന ചുമതലക്കാരും ഇത്തരത്തിൽ തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കണം. ഏതെങ്കിലും ഒരു തലത്തിൽ സംഭവിക്കുന്ന വീഴ്ച സഭയുടെ ആകമാന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും സഭയുടെ സാക്ഷ്യത്തെ ദുർബലമാക്കുകയും ചെയ്യും. ഇവ ഗൗരവതരമായി മനസ്സിലാക്കി ഏവരും ആത്മാർഥതയോടെ കാര്യവിചാരകത്വം നിർവ്വഹിക്കണം. കണക്കുകൾ ഏകീകരിച്ച് നിശ്ചിത സമയത്തിനകം സഭാ ആഫീസിൽ നല്കണം.

നമ്മുടെ സഭയിലെ വിവിധ സമിതികളിലെ സാമ്പത്തിക, അക്കൗണ്ടിംഗ് നടപടി ക്രമങ്ങൾ ഇന്ത്യാ ഗവണ്മെന്റ് അനുശാസിക്കുന്ന അക്കൗണ്ടിംഗ് രീതികളും നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിന് സഹായകരമായി അക്കൗണ്ടിംഗിനും ഓഡിറ്റിംഗിനും ഉപയുക്തമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സഭാ കൗൺസിലിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്രാബല്യത്തിലുള്ള സർക്കാർതല തീരുമാനങ്ങളുടെയും സഭാതല സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് ഇവ തയ്യാറാക്കിയിരിക്കുന്നത്. സഭ, ഭദ്രാസനങ്ങൾ, ഇടവകകൾ, ഇടവക-സെന്റർ- ഭദ്രാസന തലത്തിലുള്ള സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ കണക്കുകൾ തയ്യാറാക്കുന്നതിനും ഓഡിറ്റിംഗിനും സഹായകരമായ ഈ പ്രസിദ്ധീകരണം ചുമതലക്കാർ വാങ്ങി ഉപയോഗിക്കുകയും, സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു. മെയ് മാസം 1-ാം തീയതി മുതൽ പട്ടക്കാരുടെ സ്ഥലമാറ്റം നിലവിൽ വരുന്നു. കഴിഞ്ഞ ഒരു ടേം വിവിധ സ്ഥാപനങ്ങളിലും സംഘടനകളിലും ഇടവകകളിലും ശുശ്രൂഷ നിർവ്വഹിച്ച് സ്ഥലം മാറിപ്പോകുന്ന/ വിരമിക്കുന്ന പട്ടക്കാരെ സ്നേഹപൂർവ്വം യാത്രയയ്ക്കണം. പുതിയ സ്ഥലങ്ങളിലെ സാധ്യതകളെ ഉപയോഗപ്പെടുത്തി ജനങ്ങളോടൊപ്പം അവരുടെ സുഖ ദുഃഖങ്ങളിലെ പങ്കാളികളാകുവാൻ പട്ടക്കാർക്കു കഴിയട്ടെ എന്നാശംസിക്കുന്നു.

മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 'ബെനീത്ത് ദ ക്രോസ്' എന്ന പേരിൽ ഏപ്രിൽ 14 ന് ഒരു ഈസ്റ്റർ സംഗീത നിശ പാലാരിവട്ടം ഷാരോൺ മാർത്തോമ്മാ പള്ളിയിൽ നടത്തി. പങ്കാളിത്തം കൊണ്ടും ശ്രുതിമധുരവും പ്രത്യാശാനിർഭരവുമായ ഗാനങ്ങൾ കൊണ്ടും വ്യത്യസ്തതയാർന്ന പരിപാടിയായിരുന്നു ഇത്. നേതൃത്വം നല്കിയ മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് കേന്ദ്ര കമ്മിറ്റിയെയും ഗാനങ്ങൾ ആലപിച്ച ഗായകസംഘങ്ങളെയും ആതിഥ്യം നല്കിയ പാലാരിവട്ടം ഷാരോൺ മാർത്തോമ്മാ ഇടവകയെയും പ്രത്യേകം അനുമോദിക്കുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരിസ്ഥിതി കമ്മീഷന്റെ നേതൃത്വത്തിൽ ഈ വർഷത്തെ ഭൗമദിനത്തോടനുബന്ധിച്ച വെബിനാർ ഏപ്രിൽ 22 ന് നടത്തി. 'എന്റെ ശക്തി, എന്റെ ഗ്രഹം' എന്നുള്ളതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. ഈ ലോകത്തിലുള്ള എല്ലാ വിഭവങ്ങളും അടുത്ത തലമുറയ്ക്കും കൂടി അവകാശപ്പെട്ടതാണ്. അത് അത്തരത്തിൽ സംരക്ഷിക്കുവാനും ഈ പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്ന ഭൂമി എന്ന ഗ്രഹത്തെ പരിപാലിക്കുവാനും നാം കടപ്പെട്ടിരിക്കുന്നു. ക്രിയാത്മകമായ പഠനം ക്രമീകരിച്ച പരിസ്ഥിതി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യുസ് മാർ സെറാഫിം എപ്പിസ്കോപ്പ തിരുമേനിയെയും പരിസ്ഥിതി കമ്മീഷൻ കമ്മിറ്റിയെയും അഭിനന്ദിക്കുന്നു.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ 113-ാമത് കൂടിവരവ് അടൂർ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ തിരുവല്ല ബിലീവേഴ്സ് കൺവൻഷൻ സെന്ററിൽ ഏപ്രിൽ 29 മുതൽ നടത്തപ്പെടുന്നു. നമ്മുടെ യുവജനങ്ങൾക്ക് ശരിയായ ദിശാബോധം നല്കുന്നതിനും, അവരെ ക്രിസ്തീയ കാര്യവിചാരകത്വത്തിൽ നിലനിർത്തുന്നതിനും, തിന്മകളെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്നതിനും, ധാർമ്മികതയിൽ ഉറപ്പിക്കുന്നതിനും, ആത്മീയ പരിപോഷണം നല്കുന്നതിനും ഈ കുടിവരവ് മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

മുരുക്കുംപുഴ ഗുരുദേവ ദർശന പഠനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് മുരുക്കുംപുഴ റോയൽഗ്രീൻ ഓഡിറ്റോറിയത്തിൽ പൗരസ്വീകരണം നല്കി ദേശത്തിന്റെ ആദരവ് അറിയിച്ചു. ശിവഗിരി ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗവേഷണ പഠനകാലയളവിൽ മുരുക്കുംപുഴയിൽ താമസിച്ച് അവിടെയുള്ള ജനങ്ങളിൽ ഗുരുദേവ ദർശനം വരുത്തിയ സ്വാധീനങ്ങളെ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. വീണ്ടും ആ പ്രദേശത്ത് എത്തുന്നതിനും അവരുടെ സ്നേഹവായ്പുകൾ സ്വീകരിക്കുന്നതിനും ഇടയായത് ഹൃദ്യമായ അനുഭവമായിരുന്നു. യാക്കോബായ സുറിയാനി സഭയുടെ അദ്ധ്യക്ഷനായി ചുമതലയേറ്റ അഭിവന്ദ്യ ബസേലി

യോസ് ജോസഫ് കാതോലിക്കാ ബാവായെ വാഴക്കുളം അരമനയിൽ മെത്രാപ്പോലീത്തായും സഭാ സെക്രട്ടറിയും സന്ദർശിച്ച് സഭയുടെ അനുമോദനങ്ങളും ആശംസകളും അറിയിച്ചു. ബാംഗ്ലൂർ വൈറ്റ് ഫീൽഡിലുള്ള ഏക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്ററിന്റെ ഡയറക്ടർ, വെരി റവ. ഡോ. ഷാം പി. തോമസ് Association of Christian Institutes for Social Concern in Asia (ACISCA) യുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ WCC യുടെ ഫെയ്ത്ത് ആന്റ് ഓർഡർ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 6-ാമത് അഖിലലോക സമ്മേളനത്തിൽ സംബന്ധിച്ച് മാർത്തോമ്മാ സഭയെ പ്രതിനിധീകരിക്കുന്നതിനും വെരി റവ. ഡോ. ഷാം പി. തോമസ് തിരഞ്ഞെടുക്കപ്പെട്ടു. സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠിന്റെ സിൽവർ ജൂബിലി വർഷത്തെ ബിരുദദാന സമ്മേളനം ഏപ്രിൽ 13 ഞായറാഴ്ച സെമിനാരി ക്യാമ്പസിൽ നടത്തി. സെമിനാരി ഗവേണിംഗ് ബോർഡ് ചെയർമാൻ അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം തിരുമേനിയോടൊപ്പം അതിൽ സംബന്ധിക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. 13 വിദ്യാർത്ഥികൾ ബി. ഡി. പഠനവും 66 പേർ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും പൂർത്തിയാക്കി ബിരുദം നേടി. നമ്മുടെ വൈദിക പാഠശാലകളിലൂടെയും സുവിശേഷക പരിശീലന കേന്ദ്രങ്ങളിലൂടെയും സാധ്യമാകുന്ന ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. സെമിനാരികളിലെ എല്ലാ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു. സഭയുടെ വിവിധ ശുശ്രൂഷകൾക്കായി കൂടുതൽ യുവജനങ്ങളെ പ്രോത്സാഹിപ്പിച്ച് അയക്കുവാൻ ഏവരും ഉത്സാഹിക്കണം. പട്ടക്കാർ തക്ക ആളുകളെ കണ്ടെത്തി പരിശീലനത്തിന് അയയ്ക്കുന്നത് അഭികാമ്യമാണ്. നമ്മുടെ വൈദീക / സുവിശേഷക പരിശീലന സ്ഥാപനങ്ങൾക്ക് പ്രാദേശിക തലങ്ങളിൽ ആവശ്യമായ കൈത്താങ്ങൽ നല്കണം. പ്രത്യേകമായി ഓരോ സ്ഥലങ്ങളിലും ഇടവകകൾ അത്തരത്തിൽ മുൻകൈ എടുത്ത് പ്രവർത്തിക്കുന്നത് പ്രോത്സാഹനജനകമാണ്.

മേയ് മാസം 25-ാം തീയതി ദിവ്യസംഗീത ഞായറായി ആചരിക്കുന്നു. സഭയുടെ സംഗീത ശുശ്രൂഷകളിൽ ഡി. എസ്. എം. സി. വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്. ആരാധനാ ഗീതങ്ങൾ ഏകീകരിക്കുക, ഗായകസംഘത്തിന്റെ തെരഞ്ഞെടുപ്പ്, പരിശീലനം മുതലായവയ്ക്ക് നേതൃത്വം നൽകുക, ആരാധനയ്ക്കായി വിശ്വാസ സമൂഹത്തെ ഒരുക്കുക, ഗാനങ്ങളുടെ പ്രസിദ്ധീകരണം എന്നിവ കൂടാതെ ഓൺലൈൻ മാധ്യമങ്ങളിലൂടെ സംപ്രേഷണം നിർവഹിക്കുന്ന ഡി.എസ്.എം.സി മീഡിയ, മാർത്തോമ്മാ സഭയുടെ ഔദ്യോഗിക ചാനലായ മാർത്തോമ്മാ വിഷൻ, മലങ്കര ദർശൻ എന്നിവയുടെ ചുമതലയും നിർവ്വഹിക്കുന്നു. ഡി.എസ്.എം.സി. മീഡിയ എന്ന യുട്യൂബ് ചാനൽ ഒരു ലക്ഷം സബ്സ്ക്രൈബേഴ്സ് എന്ന നേട്ടം സ്വന്തമാക്കി സിൽവർ പ്ലേബട്ടൺ കരസ്ഥമാക്കി. ലൈവ് സ്ട്രീമിങ് രംഗത്തും ശ്രദ്ധേയമായ നേതൃത്വം നൽകുന്നുണ്ട്. ഡി. എസ്. എം. സി. യെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം.

മേയ് മാസം 29-ാം തീയതി സഭ സ്വർഗ്ഗാരോഹണ പെരുന്നാൾ കൊണ്ടാടുന്നു. ഈസ്റ്റർ കഴിഞ്ഞ് 40-ാം ദിവസമാണ് സ്വർഗ്ഗാരോഹണ പെരുനാൾ. ഉത്ഥിതനായ കർത്താവിന്റെ സ്വർഗ്ഗത്തിലേക്കുള്ള കരേറ്റമാണ് ഈ ദിവസം സഭ അനുസ്മരിക്കുന്നത്. സ്വർഗ്ഗത്തിലേക്ക് കരേറിയവനായ ഈ യേശു തന്നെ മഹത്വത്തോടെകൂടെ വരുമെന്നും സഭ വിശ്വസിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്യുന്നു. 'നിത്യ ഭവനത്തെക്കുറിച്ചുള്ള ഉറപ്പ്' എന്ന വിഷയം സഭ ഈ വർഷം ധ്യാനിക്കുമ്പോൾ അത് നമ്മുടെ വിശ്വാസ ജീവിതത്തെയും ദൗത്യനിർവ്വഹണത്തെയും കൂടുതൽ ശക്തീകരിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കാം.

മെത്രാപ്പോലീത്തായുടെ 75-ാം ജന്മദിനത്തിന്റെ ഭാഗമായി അഭയം ഭവനനിർമ്മാണ പദ്ധതിയിലൂടെ കൊറ്റനാട് പഞ്ചായത്തിലെ വെള്ളയിൽ 9 വീടുകൾ കൂടി നിർമ്മാണം പൂർത്തീകരിച്ചു. വീടുകളുടെ കൂദാശയും താക്കോൽ ദാനവും ഏപ്രിൽ 24 ന് നിർവ്വഹിച്ചു. അഭയം പദ്ധതിയിൽ ലക്ഷ്യമിട്ട 150 വീടുകളിൽ 103 വീടുകളുടെ നിർമ്മാണം ഇതോടെ പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ തുടരുന്നു. ഇനിയും അപേക്ഷകർ ധാരാളം ഉണ്ടെന്നുള്ള വസ്തുത വിസ്മരിക്കുന്നില്ല. ഇങ്ങനെയുള്ളവരെ സഭയുടെ ഭൂഭവനദാന പ്രസ്ഥാനത്തിലൂടെ (മെട്രോപ്പോലീറ്റൻ ഫണ്ട്) സഹായിക്കുവാൻ താല്പര്യപ്പെടുന്നു. സുമനസ്സുകളുടെ അകമഴിഞ്ഞ സഹായത്തിലാണ് ഈദൃശ്യപ്രവർത്തനങ്ങൾ സാധ്യമായിത്തീരുന്നത്. മെയ് മാസം 4-ാം തീയതി സഭ ഭൂഭവനദാന ഞായറായി ആചരിക്കുന്നു. എല്ലാവരും ഈ ഉദ്യമത്തിൽ കഴിവുള്ളിടത്തോളം പങ്ക് ചേർന്ന് വീടും വസ്തുവുമില്ലാത്ത നമ്മുടെ സഹോദരങ്ങൾക്ക് സ്വന്തമായി ഒരു കിടപ്പാടം നല്കുവാനുള്ള സഭയുടെ ഉദ്യമത്തിൽ പങ്ക് ചേരണം. സഹകരണം നല്കിയ ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും വസ്തുവകകളുടെ വിശദവിവരങ്ങൾ ഇടവക തലത്തിൽ സൂക്ഷിക്കുന്നതിനോടൊപ്പം ഭദ്രാസന കേന്ദ്രത്തിലും സഭാ കേന്ദ്രത്തിലും നല്കേണ്ടത് അത്യന്താപേക്ഷിതമാണ്. സഭയുടെ വസ്തുക്കളിന്മേൽ തർക്കവിതർക്കങ്ങളോ നിയമനടപടികളോ ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇടവകകളിൽ ആസ്തി വസ്തുക്കൾ സംബന്ധിച്ച അടിസ്ഥാനരേഖകൾ ഉണ്ടെന്നുറപ്പാക്കണം. കാലാകാലങ്ങളിൽ ചുമതല വഹിക്കുന്ന വികാരിമാരും ട്രസ്റ്റിമാരും സെക്രട്ടറിമാരും ഈ കാര്യത്തിൽ

പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ വർഷവും വാർഷിക റിപ്പോർട്ടും വരവ് ചെലവ് കണക്കും ഭദ്രാസനത്തിൽ നല്കുമ്പോൾ ആസ്തി വസ്തുക്കൾ സംബന്ധിച്ച വിശദാംശം കൂടി ഭദ്രാസനത്തിൽ നല്കുകയും, രേഖകൾ പുതുതായി ചുമതല ഏല്ക്കുന്നവരെ ഏല്പിക്കുകയും വേണം. കൂടുതൽ നിർദ്ദേശങ്ങളും വിശദാംശങ്ങളും ഭദ്രാസന കേന്ദ്രങ്ങൾ വഴി നല്കുന്നതാണ്.

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ നാമത്തിലുള്ള 4-ാമത് സ്മാരക പ്രഭാഷണം കുമ്പനാട് മാർത്തോമ്മാ വലിയ പള്ളിയിൽ വെച്ച് മെയ് മാസം 4-ാം തീയതിയും ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ നാമത്തിലുള്ള 25-ാമത് സ്മാരക പ്രഭാഷണം കുറിയന്നൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് മെയ് മാസം 18-ാം തീയതിയും നടത്തപ്പെടുന്നു. ഈ സമ്മേളനങ്ങളിൽ യഥാക്രമം അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി, ഡോ. അലക്സാണ്ടർ ജേക്കബ് ഐ. പി. എസ്. (റിട്ട.) എന്നിവർ മുഖ്യാതിഥികളായി സംബന്ധിക്കുകയും അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്യും. പരമാവധി ആളുകൾ ഇവയിൽ വന്ന് സംബന്ധിച്ച് ഈ സമ്മേളനങ്ങൾ അനുഗ്രഹകരമാക്കണമെന്ന് അറിയിക്കുന്നു.

നമ്മുടെ മേല്പാടം മാർത്തോമ്മാ ഇടവകാംഗവും ആറ്റുമാലിൽ എൻഡോവ്മെന്റ് സ്ഥാപകനുമായ ശ്രീ. എ. വി. ജോൺസ്; പത്തനംതിട്ട മാർത്തോമ്മാ ഇടവകാംഗവും, സഭയുടെ മുൻ ഡപ്യൂട്ടി സെക്രട്ടറിയും, എം. റ്റി. ആന്റ് ഇ എ സ്കൂൾസ് കോർപ്പോറേറ്റ് മുൻ മാനേജരുമായ ശ്രീ. ജോർജ്ജ് ഫിലിപ്പ്; തെക്കൻ ഭദ്രാസനങ്ങളുടെ സമഗ്ര വളർച്ചയ്ക്ക് നേതൃത്വം നല്കിയ കൊട്ടാരക്കര മാർത്തോമ്മാ ഇടവകാംഗം ശ്രീ. പി. ജെ. ഡേവിഡ്; ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒട്ടനവധി സംഭാവനകൾ നല്കിയ മദ്രാസ് ചെട്പെട്ട് മാർത്തോമ്മാ ഇടവകാംഗം ഡോ. ഗ്രേസ് ജോർജ്ജ് എന്നിവർ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സഭയിലും സമൂഹത്തിലും ഇവരിലൂടെ ലഭിച്ചിട്ടുള്ള അനുഗ്രഹകരമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ഈ പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

മെയ് മാസത്തിലെ ഞായറാഴ്ചകളിൽ പുനരുദ്ധാന ശക്തിയിൽ വിശ്വാസ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്ന വായനകളും ധ്യാനങ്ങളും ആണ് സഭ ക്രമീകരിച്ചിരിക്കുന്നത്. മെയ് മാസം 4-ാം തീയതി ഉയിർപ്പിന് ശേഷമുള്ള രണ്ടാം ഞായറാഴ്ചയാണ്. 'യഥാസ്ഥാനപ്പെടുത്തുന്ന യേശുക്രിസ്തു' എന്നതാണ് ചിന്താവിഷയം (വി. യോഹ. 21: 1-14). ആയിരിക്കുന്നതിൽ നിന്നും ആകേണ്ടതിലേക്ക് എത്തിച്ചേരുന്നതാണ് യഥാസ്ഥാനപ്പെടൽ. മനുഷ്യരെ പിടിക്കുക എന്നതായിരുന്നു ശിഷ്യരുടെ നിയോഗം. നിയോഗത്തിൽ പരാജയപ്പെട്ടുപോയ ശിഷ്യരെ ദൈവരാജ്യ ശുശ്രൂഷയിലേക്ക് കർത്താവ് യഥാസ്ഥാനപ്പെടുത്തുകയാണ് ചെയ്യുന്നത്.

മെയ് 11-ാം തീയതി 'ഉത്ഥിതന്റെ നിയോഗം: ദൈവജനത്തിന്റെ പരിപാലനം' (വി. യോഹ. 21: 15-19) എന്നതാണ് ചിന്താവിഷയം. സഭ പുനരുദ്ധാന ശക്തിയിൽ ആണ് പുലരേണ്ടത്. അതിജീവനബലം സഭയ്ക്ക് അനുഭവം ആകുന്നത് മരണത്തെ അതിജീവിച്ച യേശുവിന്റെ ജീവൻ സഭയിൽ വ്യാപരിക്കുന്നതുകൊണ്ടാണ്. വചനത്തോടുള്ള അനുസരണവും ദൈവീക വാഗ്ദത്തങ്ങളിലുള്ള വിശ്വാസവും ആണ് അതിജീവനത്തിന്റെ അടിസ്ഥാനം. മരണ ശക്തികളോടുള്ള തോറ്റുപോകാത്ത പോരാട്ടം ആണ് സഭയുടെ മുഖമുദ്ര.

മെയ് 18-ാം തീയതി ഞായറാഴ്ച 'സഹസഞ്ചാരിയായ യേശുക്രിസ്തു' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവ് എമ്മവുസ്സിലേക്ക് പോയശിഷ്യരോടൊപ്പം ചേർന്നു നടക്കുന്ന സംഭവവിവരണം ആണ് വി. ഏവൻഗേലിയോൻ (വി. ലൂക്കൊ. 24:13-33). ആശയക്കുഴപ്പത്തിൽ നിന്നു ബോധ്യങ്ങളിലേക്ക് നയിക്കുന്ന ദൈവമാണ് ഉയിർത്തെഴുന്നേറ്റവൻ. ദൈവിക സംവേദനങ്ങളോട് തുറവി കാണിക്കുമ്പോൾ, വിശുദ്ധമായ ജീവിതചര്യകളോടെ, ദൈവം ഒരുക്കുന്ന പൂർണ്ണതയുള്ള പരിണാമങ്ങളിലേക്ക് മുന്നേറുവാൻ ദൈവം സഹായിക്കും. അപ്രകാരമുള്ള ജീവിതങ്ങൾ ആണ് സഭയിൽ രൂപപ്പെടേണ്ടത്.

മെയ് 25-ാം തീയതി ദിവ്യസംഗീത ഞായർ ആയി വേർതിരിച്ചിരിക്കുന്നു. 'ജീവിതത്തെ ഉണർത്തുന്ന ദൈവിക സംഗീതം' എന്നതാണ് ധ്യാനവിഷയം. വിശുദ്ധ കന്യകമറിയാമ്മിന്റെ സ്തോത്രഗീതമാണ് (വി. ലൂക്കൊ. 1:46-55) വി. ഏവൻഗേലിയോൻ. ദൈവത്തിന്റെ രക്ഷണ്യ പ്രവൃത്തികളെ ഈ ഗാനത്തിൽ വർണ്ണിച്ചിരിക്കുന്നു. ഈ രക്ഷാകരബോധ്യം ആണ് പ്രതിസന്ധികളുടെ മധ്യത്തിലും പാടുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നത്. പൂർവ്വകാലത്തുള്ള ദൈവിക അനുഭവങ്ങൾ അയവിറക്കുമ്പോൾ അത് വർത്തമാനകാലത്തെ പ്രത്യാശയോടെ നേരിടുവാൻ സഹായിക്കും. അവയുടെ ഓർമ്മപ്പെടുത്തലുകൾ ആകണം നമ്മുടെ ആരാധന ഗീതങ്ങൾ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
28.04.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**